LIBRARY ARCHIVES Kerala Legislative Assembly

ശബരിമല വികസനത്തിനായി ദേവസ്വം ബോർഡ് ചെലവഴിച്ച തുക

16 [3470] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമല വികസനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ശബരിമല വികസനത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് എത്ര ഏക്കർ വസ്തു വിട്ടുകൊടുത്തിട്ടുണ്ട്?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശബരിമല വികസനത്തിന്റെ ഭാഗമായി നിലയ്ക്കലിൽ 110.524 ഹെക്ടർ സ്ഥലം കൈമാറുന്നതിനായി കേന്ദ്ര സർക്കാർ ചില നിബന്ധനകളോടെ അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ 60.14 ഹെക്ടർ വനഭൂമിക്ക് അന്തിമ അംഗീകാരം നൽകി ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ട്. ബാക്കി 50.384 ഹെക്ടറിന് ആദ്യഘട്ടാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പെരിയാർ വന്യമൃഗ സങ്കേതത്തിൽപ്പെട്ട പമ്പാ സന്നിധാനം മേഖലയിലെ 12.675 ഹെക്ടർ വനഭൂമിക്ക് സുപ്രീം കോടതിയുടെ അനുമതി കൂടി ലഭിക്കുവാനുണ്ട്.

കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ പ്രദേശം ടൂറിസം മേഖലയാക്കി വികസിപ്പിക്കാൻ നടപടി

17 [3471] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ പ്രദേശം ടൂറിസം മേഖലയായി വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുഞ്ഞാലിമരയ്ക്കാരുടെ പ്രദേശം ഒരു സാംസ്കാരിക ഗ്രാമമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരികയാണ്. ഈ പദ്ധതി സ്ഥലത്തോടുചേർന്ന് കേന്ദ്രധനസഹായത്തോടെ 54,59,724 രൂപ ചെലവിൽ ഒരു ജെട്ടി സമുച്ചയം നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ജെട്ടി നിർമ്മാണം ഒരു വർഷത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ കുഞ്ഞാലിമരയ്ക്കാരുടെ പ്രദേശം കൂടുതൽ ടൂറിസം പ്രാധാന്യമുള്ളതായി മാറുന്നതാണ്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഓണച്ചന്ത

18 [3440] *ശ്രീ. കെ. സി. ജോസഫ്:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. മുരളി:
,, വി. ഡി. സതീശൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര ഓണച്ചന്തകൾ നടത്തി;

(ബി) അന്ന് ഓണച്ചന്ത നടത്തിയവകയിൽ ലഭിച്ച ലാഭം/നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷം എത്ര ഓണച്ചന്തകൾ നടത്താൻ ഉദ്ദേശിക്കുന്നു;

(ഡി) ഓണച്ചന്തയിൽ വിൽപ്പനയ്ക്ക് വയ്ക്കുന്ന സാധനങ്ങൾ അതേ വിലയ്ക്ക് കമ്മീഷൻ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾ വഴിയും വിൽക്കുവാൻ ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) 101 എണ്ണം.

(ബി) 2004-ലെ ഓണച്ചന്ത നടത്തിയ വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടായ നഷ്ടം 1,22,29,848 രൂപയാണ്.

(സി) ഈ വർഷത്തെ ഓണത്തിന് 5 താലൂക്ക് ഫെയറുകൾ, 10 ജില്ലാ ഫെയറുകൾ കൂടാതെ മറ്റ് മുനിസിപ്പാലിറ്റി/താലൂക്ക് ആസ്ഥാനങ്ങളിൽ ഓണം മാർക്കറ്റുകളും നടത്താനുദ്ദേശിക്കുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly